*Uncorrected/Not for publication*

*23-06-2026*
*Announcement by Honourable Speaker*

**അറിയിപ്പ്**

<u>ജാക്ക് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ സംഘടിപ്പിക്കുന്ന ബോധവൽക്കരണ പരിപാടി</u>

പോഷക സുരക്ഷാ വിഭവം എന്ന നിലയ്ക്ക് ചക്കയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കാൻ ലക്ഷ്യമാക്കി ജാക്ക് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ സംഘടിപ്പിക്കുന്ന ബോധവൽക്കരണ പരിപാടി ഇന്ന് നിയമസഭാ സമ്മേളനത്തിനുശേഷം മെമ്പേഴ്സ് കാന്റീൻ (റൂം നമ്പർ 519)-ൽവച്ച് സംഘടിപ്പിക്കുന്നുണ്ട്.

<u>നിയമസഭാ സാമാജികരും മാധ്യമ പ്രവർത്തകരും തമ്മിലുള്ള സൗഹൃദ ഫുട്ബോൾ മത്സരം</u>

നിയമസഭാ സാമാജികരും മാധ്യമ പ്രവർത്തകരും തമ്മിലുള്ള ഒരു സൗഹൃദ ഫുട്ബോൾ മത്സരം ഇന്ന് വൈകുന്നേരം 6 മണിക്ക് വാഴമുട്ടത്ത് 'ദി കോവളം ടർഫി'ൽ വച്ച് സംഘടിപ്പിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ പരിപാടികളിൽ എല്ലാ ബഹുമാനപ്പെട്ട സാമാജികരുടെയും സാന്നിധ്യമുണ്ടാകണമെന്ന് അഭ്യർഥിക്കുന്നു. ഇതിനായി നിയമസഭാ ഹോസ്റ്റലിൽനിന്നും വാഹന സൗകര്യം ഒരുക്കിയിട്ടുണ്ട്.

ഓർഡർ.... ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2026 ജൂൺ മാസം 24-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 02.58-ന് പിരിഞ്ഞു.)

* * * * * *